സി1/22143/റ്റിസി/2015

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 24-06-2016

## സർക്കുലർ നം. 21 /2016

വിഷയം: മോട്ടോർ വാഹന വകുപ്പ്-**പ്രത്യേകമായി ഡിസൈൻ ചെയ്ത വാഹനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച്**

വാഹനങ്ങൾ ഉപഭോക്താവിന്റെ ആവശ്യത്തിനും ഉപയോഗക്രമത്തിനുമനുസരിച്ച് പ്രത്യേക തരമായി നിർമ്മിച്ച് രജിസ്ട്രേഷനു വേണ്ടി ഹാജരാക്കുമ്പോൾ സ്വീകരിയ്ക്കേണ്ട നടപടികളെക്കുറിച്ച് സ്പഷ്ടീകരണം ആവശ്യപ്പെട്ട് വിവിധ രജിസ്റ്ററിംഗ് അതോറിറ്റികൾ കത്തുകൾ അയച്ചതിന്റെ വെളിച്ചത്തിൽ, ഒരു മോട്ടോർ വാഹനത്തിൽ നിർമ്മാതാവ് പ്രാഥമികമായി പ്രസ്താവിച്ചിട്ടുള്ളതും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളതിനും വിഭിന്നമായി മാറ്റങ്ങൾ വരുത്തുവാൻ വാഹന ഉടമയ്ക്ക് അവകാശമില്ലാത്തതിനാൽ, SO 1248 (E) നോട്ടിഫിക്കേഷന് വിഭിന്നമായി വാഹനത്തിന്റെ കാറ്റഗറിയിൽ മാറ്റം വരുത്തുവാനും നിയമം അനുവദിയ്ക്കുന്നില്ല. എങ്കിലും, കേരള മോട്ടോർ വാഹന ചട്ടം 103, ആവശ്യമായ പരിശോധനകൾക്കും അന്വേഷണങ്ങൾക്കും ശേഷം രജിസ്ട്രേഷൻ പർട്ടിക്കുലേഴ്സിന്റെ 1, 3, 11, 13, 19 എന്നീ ഇനങ്ങളിൽ മാറ്റം വരുത്തുവാൻ അധികാരം നൽകുന്നു. ആയതിനാൽ SO 1248 (ഇ) പ്രകാരം തരം തിരിച്ച്, നിയമാനുസൃതം രജിസ്റ്റർ ചെയ്ത് ഉപയോഗിച്ചുവരുന്ന വാഹനങ്ങളിൽ മോട്ടോർ വാഹന നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകളും ചട്ടങ്ങളും പ്രകാരം മാറ്റങ്ങൾ വരുത്തുവാൻ അനുയോജ്യമാണോ എന്ന് പരിശോധിയ്ക്കുന്നതിനുള്ള അധികാരവും, ഉത്തരവാദിത്വവും രജിസ്റ്ററിംഗ് അതോറിറ്റികൾക്ക് മാത്രമാണുള്ളത്.

ആയതിനാൽ രജിസ്റ്ററിംഗ് അതോറിറ്റികൾ പാലിയ്ക്കേണ്ട/ശ്രദ്ധിയ്ക്കേണ്ട കാര്യങ്ങളിൽ വിശദീകരണം നൽകിക്കൊണ്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു.

1. ഉപഭോക്താവിന് ടിയാന്റെ ഉപയോഗത്തിന്/ആവശ്യത്തിനനുസരിച്ച് വാഹനം ക്രമീകരിച്ച് നിർമ്മിയ്ക്കുന്നതിനായി ആവശ്യമായ അളവിലും വലുപ്പത്തിലുമുള്ളതുമായ **Cab and Chassis, Cowl and Chassis, drive and Chassis** എന്നീ ഇനങ്ങളിൽ വിവിധ നിർമ്മാതാക്കളുടെ വാഹനങ്ങൾ ലഭ്യമാണ്. ആയതിനാൽ ഉപഭോക്താവിന്റെ ഉപയോഗക്രമമനുസരിച്ച് മേൽതരത്തിലുള്ള ബോഡി നിർമ്മിയ്ക്കുവാൻ ഉപഭോക്താവിന് അവകാശമുണ്ട്. വാഹനത്തിന്റെ തരം തിരഞ്ഞെടുക്കുന്നതിന്റെ ഉത്തരവാദിത്വം ഉപഭോക്താവിനായിരിയ്ക്കും. നിലവിൽ **Prototype** അംഗീകാരത്തോടെ, ബോഡി നിർമ്മിച്ച് വിപണനത്തിലുള്ള വാഹനങ്ങളിൽ യാതൊരു വിധ മാറ്റങ്ങളും വരുത്തുവാൻ പാടില്ല.

2. ബോഡി നിർമ്മിയ്ക്കുമ്പോൾ നിയമാനുസൃതമായ അളവുകൾ പാലിയ്ക്കുവാനും, ക്രമീകരിയ്ക്കുന്ന സംവിധാനങ്ങളുടെയും ഘടിപ്പിയ്ക്കുന്ന യന്ത്രങ്ങളുടെയും ഭാരം നിയമപരമായി അനുവദിച്ചതിലധികവുമാകാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

3. മേൽ പ്രതിപാദിച്ചിട്ടുള്ള തരത്തിലുള്ള വാഹനങ്ങൾ തിരഞ്ഞെടുക്കുമ്പോൾ പ്രസ്തുത തരം പാസ്സഞ്ചർ എന്നതോ, ഗുഡ്സ് തരത്തിലുള്ളതോ വേണമെന്ന് തീരുമാനിയ്ക്കേണ്ടത് പ്രസ്തുത വാഹനത്തിൽ ഒരുക്കുന്ന സംവിധാനങ്ങളുടെയും, ഘടിപ്പിയ്ക്കുന്ന ഉപകരണങ്ങൾ, യന്ത്രങ്ങൾ എന്നിവയുടെ ഘടനയും അനുസരിച്ചായിരിയ്ക്കണം.

4. SO 1248 (E) പ്രകാരം തരം തിരിച്ചതിൽ ഉൾപ്പെടാത്ത തരത്തിലുള്ളതായ നിർമ്മിതിയാണെങ്കിൽ, പ്രസ്തുത നോട്ടിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള തരത്തിലുള്ള തരത്തിന്റെ സാമ്യതയ്ക്കനുസരിച്ചുള്ള തരത്തിൽ ഉൾപ്പെടുത്തി വാഹനം രജിസ്റ്റർ ചെയ്തു നൽകുവാൻ രജിസ്റ്ററിംഗ് അതോറിറ്റിയ്ക്ക് അധികാരമുണ്ടായിരിയ്ക്കും.

5. നോട്ടിഫിക്കേഷൻ പ്രകാരമുള്ള വിഭാഗത്തിലോ, തരത്തിലോ പെടുത്തുവാൻ കഴിയാത്ത വിധത്തിലുള്ള നിർമ്മാണമാണെങ്കിൽ പ്രസ്തുത വാഹനം **Specially Designed vehicle** എന്ന ഗണത്തിൽ ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്യാവുന്നതാണ്. ആയതിനു വേണ്ടി ബന്ധപ്പെട്ട ചട്ടങ്ങളിലും നികുതി ഘടനയിലും മാറ്റങ്ങൾ വരുത്തുന്നതാണ്.

6. നിലവിൽ സ്വീകരിച്ചിട്ടുള്ള അപേക്ഷകളിന്മേൽ നിലവിലുള്ള ഉത്തരവുകൾ പ്രകാരം തുടർ നടപടികൾ സ്വീകരിയ്ക്കേണ്ടതും, ഈ സർക്കുലർ 15-07-2016 മുതൽ പ്രാബല്യത്തിൽ വരുന്നതുമായിരിയ്ക്കും.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

അംഗീകാരത്തോടെ

05.7.2016.

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)